<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*481) ...(ബഹളം)...

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇന്നലെ ഇവിടെ റൂൾ 50 പ്രകാരം കൊണ്ടുവന്ന നോട്ടീസ് ഈ സഭയിൽ ചർച്ച ചെയ്യാൻ സമ്മതിച്ചില്ല. ഇവിടെ നിലനിന്നിരുന്ന എല്ലാ കീഴ്വഴക്കങ്ങളേയും ലംഘിച്ചുകൊണ്ടുള്ള തീരുമാനമാണത്. സബ്ജുഡീസ് ആണ് എന്നുള്ള കാരണം പറഞ്ഞുകൊണ്ട് സഭയിലെ ചർച്ച നിഷേധിക്കുമ്പോൾ പരിശോധിക്കേണ്ട കാരണങ്ങളെക്കുറിച്ച് ശക്ധർ ആന്റ് കൗളിലും വളരെ കൃത്യമായി വിവരിക്കുന്നുണ്ട്. ഈ രീതിയിൽ പോയാൽ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ കോടതിയുടെ ജഡ്ജ്മെന്റ് വരുന്നതുവരെ കാത്തിരിക്കേണ്ടതായി വരും. ഗുരുതരമായ ഒരു ആരോപണം കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായി ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ ആ വിഷയം ചർച്ച ചെയ്യാതെ സഭ സമ്മേളിക്കുന്നതിൽ ധാരാളമായ അനൗചിത്യങ്ങൾ ഉണ്ട് ....(ബഹളം).... ആരോപണം എന്നാണ് ഞാൻ പറഞ്ഞത്. ആരോപണം മുഖ്യമന്ത്രിയ്ക്കെതിരായി ഉയർന്നിരിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ, ജനാധിപത്യ പരിപാടികളിൽ ഇത്തരം കാര്യങ്ങളിൽ

മുഖ്യമന്ത്രി തന്നെ മറുപടി പറയണം. കാരണം ജനങ്ങൾക്കിടയിൽ വലിയ ഉൽക്കണ്ഠയും ആശങ്കയും നിലനിൽക്കുന്നു. കാരണം വളരെ ഗുരുതരമായ ആരോപണം സംസ്ഥാന മുഖ്യമന്ത്രിക്കെതിരായി ഉയർന്നിട്ടും മുഖ്യമന്ത്രി അതിന് മറുപടി പറയാൻ തയ്യാറാകാതെ മൗനം അവലംബിക്കുന്നത് കേരളത്തിലെ ജനങ്ങൾക്കിടയിൽ വലിയ ഉൽകണ്ഠ ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ മുഖ്യമന്ത്രി മൗനം ഭഞ്ജിച്ചുകൊണ്ട് ഈ കാര്യത്തിൽ മറുപടി പറയണം എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അദ്ദേഹം അത് വ്യക്തമാക്കണം ...(ബഹളം)...

<u>മി. സ്പീക്കർ</u>: ഇന്നലെ ഡിസ്പോസ് ചെയ്ത വിഷയമാണിത്. ദയവുചെയ്ത് ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. വളരെ പ്രധാനപ്പെട്ട ചോദ്യം ആണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബാനർപിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)